മായി ധാരണയിൽ എത്തേണ്ടിയിരുന്നതുകൊണ്ടാണ്. ഇപ്പോൾ ടേം ലോണിനുവേണ്ടി കാനറാ ബാങ്ക് അടക്കമുള്ള ധനകാര്യസ്ഥാപനങ്ങളുമായി ചർച്ച നടത്തി വരുന്നത്. പ്രസ്തുത ലോണിന്റെ ലഭ്യതയനുസരിച്ച് മിൽ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രിയദർശിനി മിൽ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ധനകാര്യസ്ഥാപനങ്ങളും മറ്റ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതിനായി 27.12.1999-ൽ ഒരു യോഗം വിളിച്ചിട്ടുണ്ട്. അവിടത്തെ സഹകരണ ബാങ്കിനെയടക്കം വിളിക്കാം. 27-ാം തീയതിയിലെ യോഗത്തിൽ വച്ച് എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(7) വാണിമേൽ, വളയം, നരിപ്പറ്റ പഞ്ചായത്തുകളിലുണ്ടായ ഉരുൾപ്പൊട്ടൽ

ശ്രീ. സത്യൻ മൊകേരി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വളയം, വാണിമേൽ, പെക്യാട്, നരിപ്പറ്റ പഞ്ചായത്തുകളിൽ ഈ കഴിഞ്ഞ മാസം വളരെ ഭീതിജനകമായ രീതിയിലാണ് ഉരുൾപൊട്ടൽ ഉണ്ടായിട്ടുള്ളത്. ആളുകൾ മരിക്കുകയുണ്ടായി. നിരവധി വീടുകൾ പൂർണ്ണമായും തകർന്നു പോയി. അതുപോലെ വീടുകൾ ഭാഗികമായി തകർന്നു. കൃഷികൾ വ്യാപകമായി നശിച്ചു. കൃഷി ചെയ്യാൻ കഴിയാത്ത രീതിയിൽ ഭൂമി ഒലിച്ചുപോയിട്ടുണ്ട്. അതുപോലെ റോഡുകൾ പൂർണ്ണമായും തകർന്നു. നിരവധി പാലങ്ങൾ തകരുകയുണ്ടായി. അവിടെ താമസിക്കുന്ന ആളുകൾ ഒറ്റപ്പെട്ടു കഴിയുകയാണ്. അവരെ അവിടെ നിന്നും മാറ്റി വേറെ സ്ഥലം കണ്ടെത്തി താമസിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥലം കണ്ട് കാര്യങ്ങൾ മനസ്സിലാക്കിയതാണ്. ചില നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. എങ്കിലും പൂർണ്ണമായ നടപടികൾ ആയിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി അവിടെ നാശനഷ്ടം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി, പകരം ഭൂമി നൽകുന്നതിനുവേണ്ടി, തകർന്നുപോയിട്ടുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനുവേണ്ടി, ഒലിച്ചുപോയിട്ടുള്ള പാലങ്ങൾ പുതുതായി പണിയുന്നതിനുവേണ്ടി നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഈ സ്ഥലം ഞാൻ നേരിൽ പോയി കണ്ടതാണ്. 8.10.99 ലാണ് അവിടെ ഉരുൾപൊട്ടൽ ഉണ്ടായത്. രണ്ടുപേർക്ക് ജീവഹാനി സംഭവിച്ചു. 4 പേർക്ക് പരിക്കേറ്റു. ഓടച്ചാൽ നാരായണൻ നായർ, ഓടച്ചാൽ മാധവിയമ്മ എന്നിവരാണ് മരണപ്പെട്ടത്. 6.10.98 ന് വിലങ്ങാട്, തിരുർ എന്നീ സ്ഥലങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായി. 9 വീടുകൾ പൂർണ്ണമായും 14 വീടുകൾ ഭാഗീകമായും തകർന്നിട്ടുണ്ട്. 15 ഏക്കർ കൃഷി ഉരുൾപൊട്ടൽമൂലം നഷ്ടപ്പെട്ടുവെന്നാണ് കണക്ക്. അതിന് മതിപ്പുവില പന്ത്രണ്ടരലക്ഷം രൂപ വരും. 50 ഏക്കർ സ്ഥലത്ത് കൃഷി പൂർണ്ണമായും നശിച്ചു. നഷ്ടപ്പെട്ട ഭൂമി 25 കുടുംബങ്ങളുടെ കൈവശമുള്ള ഭൂമിയാണ്. അതുപോലെ തന്നെ 165 കൃഷിക്കാരുടെ ആയിരം കായ്ഫലമുള്ള തെങ്ങ്, 12,500 കുലച്ച നേന്ത്രവാഴ, 15,000 കമുക്, 10,000 കുരുമുളകുവള്ളി എന്നിവ നശിച്ചിട്ടുണ്ട്. അതുപോലെതന്നെ വാണിമേൽ, വളയം പഞ്ചായത്തുകളിലെ ചിറ്റാരി, ആയോട് റോഡ് പലേടത്തും തകർന്നിട്ടുണ്ട്. ചില റോഡുകൾ തകരുകയും, പാലങ്ങൾ ഒലിച്ചു പോകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ട നടപടികളെ സംബന്ധിച്ച് തീരുമാനിക്കുന്നതിനായി 21.10.99 ന് ഇവിടെ ജനപ്രതിനിധികളും കർഷക പ്രതിനിധികളും നാട്ടുകാരുടെ പ്രതിനിധികളും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുമായിട്ടുള്ള യോഗം കൂടിയിരുന്നു. മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക് 30,000 രൂപ വച്ച് ഉടനെ സാമ്പത്തിക സഹായം ചെയ്തു. പരിക്കേറ്റവർക്കും ആവശ്യമായ സഹായം ചെയ്തു. വീട് നഷ്ടപ്പെട്ടവർക്ക് ഭവനനിർമ്മാണ ബോർഡു ചേർന്നിട്ട് 30,000 രൂപായുടെ വീട് കൊടുക്കുന്നതിനുള്ള സ്കീം തീരുമാനിച്ചിട്ടുണ്ട്. ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

15,000 രൂപയാണ് കൊടുക്കുക, ബാക്കിയുള്ളത് ഭവന നിർമ്മാണ ബോർഡുമായി ചേർന്നിട്ട് വീട് നഷ്ടപ്പെട്ടവർക്ക് പൂർണ്ണമായിട്ടും കൊടുക്കുന്നതിനുള്ള ഏർപ്പാട് ഞങ്ങൾ ചെയ്തിട്ടുണ്ട്. ഈ ദുരിതം ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ 40 കുടുംബങ്ങൾക്ക് രണ്ടാഴ്ചത്തെ സൗജന്യറേഷൻ നൽകി. കൃഷി നാശത്തിന്റെ തോത് തിട്ടപ്പെടുത്തിയതിന്റെ കണക്കുകൾ ഇവിടെ കിട്ടിയിട്ടുണ്ട്. ആ കണക്കിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് നൽകേണ്ട സംഖ്യ നൽകുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ചുകൊടുത്തിട്ടുണ്ട്. അതുപോലെ അവിടെ ധാരാളം റോഡുകൾക്ക് നാശനഷ്ടം ഉണ്ടായി എന്നൊക്കെ പറയുന്നുണ്ട്. അതിൽ ഏറ്റവും അടിയന്തിര പ്രാധാന്യത്തോടുകൂടി പുനർ നിർമ്മാണം നടത്തേണ്ടതാണെന്ന് ബോദ്ധ്യമായ ചിറ്റാരി നെടുമ്പറമ്പു റോഡിലെ ചിറ്റാരി തോട് പാലത്തിന് 2 ലക്ഷം രൂപയും, ചിറ്റാരി വാളാന്തോട് റോഡിൽ നറുക്കുകല്ല് പാലത്തിന് ഒന്നര ലക്ഷം രൂപയും, ആയോട്ടിൽ റോഡിൽ ചിറ്റാരി തോടിൽ പാലം ഒന്നരലക്ഷം രൂപയും, ചിറ്റാരി നെടുമ്പറമ്പ് റോഡിന് 6 ലക്ഷം രൂപയും, കാലിക്കുളമ്പ്, ഇളമ്പ, കണ്ടിവാതുക്കൽ, ആയോട് റോഡിന് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അങ്ങനെ റോഡിനും പാലത്തിനും വേണ്ടി 21 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൃഷിനാശത്തിന്റെ തോതുകൾക്കനുസരിച്ച് കൊടുക്കാനുള്ള നഷ്ടപരിഹാരം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സാമ്പത്തിക സഹായങ്ങളെല്ലാം നൽകിയിട്ടുണ്ട്. യാതൊരു ആക്ഷേപത്തിനും വകയില്ലാത്ത രീതിയിൽ ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

(8) മലബാർ മേഖലയിലെ കർഷകർക്ക് സംരക്ഷണവും ഭൂമിക്ക് പട്ടയവും നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. ജോസ് ബേബി : സർ, വർഷങ്ങളായി മലയോരങ്ങളിൽ താമസിക്കുന്ന മലയോര കർഷകർ വനഭൂമിയുടെ പേരിലും മിച്ചഭൂമിയുടെ പേരിലും ഇന്ന് കുടിയിറക്കൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് പട്ടയവിതരണം നടത്തും എന്ന് പ്രഖ്യാപിച്ചിട്ടുള്ളത് 5 ജില്ലകളിൽ മാത്രമാണ്. ആ 5 ജില്ലകൾ ഒഴിച്ചുള്ള ജില്ലകളിൽ പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന മലയോര കൃഷിക്കാർ പ്രത്യേകിച്ച് നാൽപ്പതും അൻപതും വർഷങ്ങളായിട്ടുള്ള കുടിയേറ്റ കർഷകർ ഉൾപ്പെടെയുള്ള ആളുകളെ റവന്യൂ ഉദ്യോഗസ്ഥന്മാർ, അതുപോലെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ഇവരൊക്കെത്തന്നെ കുടിയൊഴിപ്പിക്കുവാനുള്ള ശക്തമായ പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ അവരെ ആ ഭീഷണിയിൽ നിന്ന് സംരക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവണ്മെന്റ് തന്നെ തീരുമാനിച്ചിട്ടുള്ളത് 5 ജില്ലകളിലെ പട്ടയം കൊടുക്കാനാണ്. എന്നാൽ 5 ജില്ലകളിൽ മലബാർ പ്രദേശങ്ങൾ ഉൾപ്പെടുന്നില്ല. 5 ജില്ലകൾ എന്നുപറയുമ്പോൾ തിരുവനന്തപുരത്തിനു സമീപത്തുള്ള 5 ജില്ലകൾ മാത്രമാണ്. മലബാർ പ്രദേശങ്ങളിലെ ബാക്കി ജില്ലകളിലും പത്തും മുപ്പതും നാൽപ്പതും വർഷങ്ങളായി താമസിക്കുന്ന ആളുകൾക്ക് അവരുടെ ജീവിതസുരക്ഷയും, അവർ അദ്ധ്വാനിച്ചുണ്ടാക്കിയ ഭൂമി അവരുടേതാണെന്ന് ഉറപ്പ് നൽകുന്ന തരത്തിൽ അവർക്ക് പട്ടയം ലഭിക്കുന്നതിനും, അവരുടെ ഭൂമിക്ക് സംരക്ഷണം നൽകുന്നതിനും ആവശ്യമായ നടപടികൾ സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. മുപ്പതും നാൽപ്പതും വർഷമൊക്കെ ആയിട്ടുള്ള ആളുകളെ അവർക്ക് കുടിയൊഴിപ്പിക്കൽ ഭീഷണി വരുന്ന സമയത്ത് അതിൽ നിന്ന് മോചനം ലഭിക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുകൊണ്ട് മലബാർ പ്രദേശങ്ങളിൽ നിർബന്ധമായും പട്ടയം കൊടുക്കുന്നതിനുള്ള നടപ

LIBRARY ARCHIVES Kerala Legislative Assembly